# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2979

18-10-2016 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ.ആർ.കേളു | ഡോ. റ്റി. എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## പി.കെ കാളൻ കുടുംബ പദ്ധതി

| | |
|---|---|
| എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച പി.കെ.കാളൻ കുടുംബ പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>ബി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് പി.കെ.കാളൻ കുടുംബ പദ്ധതി. ആദിവാസി മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ആദിവാസി ഉപപദ്ധതി ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് പരമാവധി നിലവിലുള്ള സ്കീമുകളെ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് തയ്യാറാക്കുന്ന മൈക്രോപ്ലാനുകൾ സമർപ്പിക്കുന്ന മുറയ്ക്ക് പണം അനുവദിക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി 25 കോടി രൂപ എ.റ്റി.എസ്.പി.യിൽ നിന്നും നീക്കി വച്ചിട്ടുണ്ട്. ഒരു ഭാഗം ചെലവ് തദ്ദേശ ഭരണ സ്ഥാപനങ്ങളും വഹിക്കണം. പട്ടിക വർഗ്ഗ വികസന വകുപ്പ് തയ്യാറാക്കുന്ന വ്യക്തമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഭരണാനുമതിക്ക് അനുസൃതമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ